മാർച്ച് 2022

# അമൃത്
## വാർത്താ പത്രിക

ലക്കം 11



# അമൃത് 2.0

## സംസ്ഥാനതല ഉദ്ഘാടനം

## ബഹു. തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ നിർവ്വഹിച്ചു



ജൽ ശക്തി അഭിയാൻ പദ്ധതികൾ മികച്ച രീതിയിൽ പൂർത്തീകരിച്ച കോഴിക്കോട് നഗരസഭയ്ക്ക്
ചീഫ് സെക്രട്ടറി ശ്രീ. വി.പി. ജോയി പുരസ്കാരം സമ്മാനിക്കുന്നു



ജൽ ശക്തി അഭിയാൻ പദ്ധതികൾ മികച്ച രീതിയിൽ പൂർത്തീകരിച്ച തൃശ്ശൂർ നഗരസഭയ്ക്ക്
ചീഫ് സെക്രട്ടറി ശ്രീ. വി.പി. ജോയി പുരസ്കാരം സമ്മാനിക്കുന്നു

# അമൃത് വാർത്താ പത്രിക

മാർച്ച് 2022 | പുസ്തകം 1 | ലക്കം 11




# എഡിറ്റോറിയൽ

അമൃത് 2.0 പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വളരെ പ്രൗഢിയോടെ നാം നടത്തുകയുണ്ടായി. വളരെ മനോഹരമായി ആ ചടങ്ങ് സംഘടിപ്പിക്കാൻ പ്രയത്നിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു. അമൃത് 1 സംബന്ധിച്ച അനുഭവ സാക്ഷ്യങ്ങളും അമൃത് 2.0 സംബന്ധിച്ച പ്രതീക്ഷകളും പങ്കുവെയ്ക്കുന്ന വേദികൂടിയായിരുന്നു അമൃത് 2.0 യുടെ ഉദ്ഘാടന ചടങ്ങ്.

കുടിവെള്ള പദ്ധതികളിലും, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് തുടങ്ങിയ പദ്ധതികളിലും നാം കൈവരിച്ച നേട്ടത്തെ സംബന്ധിച്ച് ആർക്കും തർക്കമില്ല. എന്നാൽ സ്വീവേജ് / സെപ്റ്റേജ് മേഖലയിൽ നമുക്ക് മുന്നേറ്റമുണ്ടാക്കാൻ കഴിയാത്തത് ഏവരും ചൂണ്ടിക്കാണിക്കുകയും ചെയതു. കൃത്യമായ ആസൂത്രണമില്ലാതെയും പദ്ധതിയ്ക്കാവശ്യമായ ഭൂമി ലഭ്യമാകാതെയും പദ്ധതികൾ പ്രഖ്യാപിക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകളാണിതൊക്കെ. അമൃത് 2.0 യെ സംബന്ധിച്ചിടത്തോളം അമൃത് നഗരങ്ങളിലെ സമ്പൂർണ്ണ ദ്രവമാലിന്യ സംസ്ക്കരണവും മുൻഗണനാ മേഖലയിൽ ഉൾപ്പെടുന്നുണ്ട്. ആയതിനാൽ അമൃത് 1 ലെ അനുഭവങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട് നന്നായി കാര്യങ്ങൾ മനസ്സിലാക്കി ജനങ്ങളെ കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് വേണം പദ്ധതികൾ ആസൂത്രണം ചെയ്യാൻ.

അമൃത് 1 ലെ ശേഷിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. പദ്ധതികൾ നിശ്ചിത സമയപരിധിയിൽ പൂർത്തിയാക്കിയില്ലെങ്കിൽ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത അതാത് തദ്ദേശ സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടി വരും.

അമൃത് 2.0 യിലെ ഉദ്ഘാടവേദിയിൽ ഉയർന്നു വന്ന വിമർശനങ്ങളുടെ അന്ത:സത്ത ഉൾക്കൊണ്ട് നമ്മുടെ നാടിന്റെ അടിസ്ഥാന ഭൗതീക സൗകര്യ വികസനത്തിനായി ഒരുമിച്ച് മുന്നേറാം.

മിഷൻ ഡയറക്ടർ


**തദ്ദേശസ്വയംഭരണ വകുപ്പ്**
**കേരള സർക്കാർ**

**ചീഫ് എഡിറ്റർ**
**ഡോ.രേണു രാജ് ഐ.എ.എസ്**
മിഷൻ ഡയറക്ടർ

**എഡിറ്റർ**
**എ.എൽ. ചാൾസ്**
ഡെപ്യൂട്ടി മിഷൻ ഡയറക്ടർ

**അസിസ്റ്റന്റ് എഡിറ്റർ**
സാവിയോ സജി ഇ.ആർ.



**സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (അമൃത്)**
നാലാം നില, മീനാക്ഷിപ്ലാസാ,
ആർടെക് ബിൽഡിംഗ്,
ഗവ. ആശുപത്രിക്ക് എതിർവശം,
തൈയ്ക്കാട്, തിരുവനന്തപുരം - 695014
ഫോൺ നം. : +91-471-2323856,
ഫാക്സ് : +91-471-2322857
വെബ്സൈറ്റ് : www.amrutkerala.org
ഇമെയിൽ : smmukerala@gmail.com


*(സ്വകാര്യ വിതരണത്തിന് മാത്രം)*



ജൽ ശക്തി അഭിയാൻ പദ്ധതികൾ മികച്ച രീതിയിൽ പൂർത്തീകരിച്ച പാലക്കാട് നഗരസഭയ്ക്ക്
ചീഫ് സെക്രട്ടറി ശ്രീ. വി.പി. ജോയി പുരസ്കാരം സമ്മാനിക്കുന്നു



ജൽ ശക്തി അഭിയാൻ പദ്ധതികൾ മികച്ച രീതിയിൽ പൂർത്തീകരിച്ച തിരുവനന്തപുരം
നഗരസഭയ്ക്ക് ചീഫ് സെക്രട്ടറി ശ്രീ. വി.പി. ജോയി പുരസ്കാരം സമ്മാനിക്കുന്നു

# അമൃത് വാർത്താ പത്രിക

മാർച്ച് 2022

## ഉള്ളടക്കം

5 അമൃത് 2.0 സംസ്ഥാനതല ഉദ്ഘാടനം

13 അമൃത് 1 - അനുഭവ പാഠങ്ങൾ

18 മിഷൻ ഡയറക്ടർക്ക് ആശംസകൾ

19 അമൃത് അവലോകന യോഗം

21 ജൽ ശക്തി അഭിയാൻ





ആലപ്പുഴ കളക്ടറായി നിയമിതയായ അമൃത് മിഷൻ ഡയറക്ടർ ഡോ.രേണു രാജ് ഐ.എ.എസ്സിന് അനുമോദനമർപ്പിച്ച് നടന്ന ചടങ്ങ്



# അമൃത് 2.0 സംസ്ഥാനതല ഉദ്ഘാടനം

കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് 2.0 യുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ 2022 ഫെബ്രുവരി 16 ന് ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രി ഓൺലൈനായി നിർവ്വഹിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് അമൃത് 2.0 യുടെ സവിശേഷതകളും പ്രാധാന്യവും സംബന്ധിച്ച് വിശദമായ ചർച്ചയും സംഘടിപ്പിച്ചിരുന്നു.

ഉദ്ഘാടനത്തോട് അനുബന്ധിച്ച് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം സെക്രട്ടറി, അഡീഷണൽ സെക്രട്ടറി എന്നിവർ ഓൺലൈനായി സന്ദേശങ്ങൾ നൽകി. ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി (തദ്ദേശ സ്വയംഭരണ വകുപ്പ്), അഡീഷണൽ ചീഫ് സെക്രട്ടറി (ജല വിഭവ വകുപ്പ്), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ ചടങ്ങിൽ അമൃത് മിഷൻ ഡയറക്ടർ ഡോ. രേണു രാജ് ഐ.എ.എസ്. സ്വാഗതവും ഡെപ്യൂട്ടി മിഷൻ ഡയറക്ടർ ശ്രീ. എ.എൽ. ചാൾസ് കൃതജ്ഞതയും അർപ്പിച്ചു.

കേരളത്തിലെ 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും കുടിവെള്ള കണക്ഷനുകൾ എല്ലാ വീടുകളിലും എത്തിയ്ക്കുക, അമൃത് 1 ൽ ഉൾപ്പെട്ട 9 നഗരങ്ങളിൽ (സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളും) ദ്രവമാലിന്യ സംസ്ക്കരണം ഉറപ്പ് വരുത്തുക, ജലാശയങ്ങൾ പുനരുജ്ജീവിപ്പിച്ച് അതിന് ചുറ്റുമുള്ള പ്രദേശം ഹരിതാഭമാക്കി വികസിപ്പിക്കുക തുടങ്ങിയവ അമൃത് 2.0 വിൽ ഉൾപ്പെടുന്നു. 1372 കോടി രൂപയാണ് കേരളത്തിന് അമൃത് 2.0 യിൽ കേന്ദ്ര സഹായം ലഭിക്കുക. സംസ്ഥാന വിഹിതം ഉൾപ്പടെ ഏകദേശം 3600 മുതൽ 4000 കോടി രൂപ വരെയുള്ള വിവിധ പദ്ധതികളാണ് അമൃത് 2.0 യിൽ വിഭാവനം ചെയ്യുന്നത്. 2011 ലെ ജനസംഖ്യ അനുസരിച്ച് ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള 84 മുനിസിപ്പാലിറ്റികൾക്ക് (കോട്ടയം, ആലപ്പുഴ, പാലക്കാട് ഒഴികെ) 50% കേന്ദ്ര വിഹിതവും കോട്ടയം, ആലപ്പുഴ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികൾക്കും 6 കോർപ്പറേഷനുകൾക്കും മുന്നിലൊന്ന് കേന്ദ്ര സഹായവും ലഭിക്കും.

***കേരളത്തിലെ 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും കുടിവെള്ള കണക്ഷനുകൾ എല്ലാ വീടുകളിലും എത്തിയ്ക്കുക, അമൃത് 1 ൽ ഉൾപ്പെട്ട 9 നഗരങ്ങളിൽ (സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളും) ദ്രവമാലിന്യ സംസ്ക്കരണം ഉറപ്പ് വരുത്തുക, ജലാശയങ്ങൾ പുനരുജ്ജീവിപ്പിച്ച് അതിന് ചുറ്റുമുള്ള പ്രദേശം ഹരിതാഭമാക്കി വികസിപ്പിക്കുക തുടങ്ങിയവ അമൃത് 2.0 വിൽ ഉൾപ്പെടുന്നു.***



# “നഗരങ്ങൾ സംസ്ഥാനങ്ങളുടെ സാംസ്കാരിക സാമ്പത്തിക വികസന പ്രതീകങ്ങൾ”



***“ സർക്കാരിന്റെ ഇരിപ്പിടങ്ങളായ നഗരങ്ങളിലേക്ക് മികച്ച വിദ്യാഭ്യാസത്തിനും തൊഴിലവസരങ്ങൾക്കും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾക്കുമായി ജനങ്ങൾ കുടിയേറിപ്പാർത്തിരുന്നു. വർത്തമാനകാലത്ത് നഗരങ്ങൾ അഭിമുഖീകരിക്കുന്ന രണ്ടാം തലമുറ വികസന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിൽ നമ്മുടെ നഗരങ്ങൾ കാണിക്കുന്ന നേതൃത്വപാടവവും പങ്കും വളരെയധികം ശ്ലാഘനീയമാണ്.***

ആധുനിക കാലഘട്ടത്തിൽ നഗരങ്ങൾ സംസ്ഥാനങ്ങളുടെ സാംസ്കാരിക, സാമ്പത്തിക വികസന പ്രതീകങ്ങളായാണ് കരുതിപ്പോരുന്നത്. സർക്കാരിന്റെ ഇരിപ്പിടങ്ങളായ നഗരങ്ങളിലേക്ക് മികച്ച വിദ്യാഭ്യാസത്തിനും തൊഴിലവസരങ്ങൾക്കും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾക്കുമായി ജനങ്ങൾ കുടിയേറിപ്പാർത്തിരുന്നു. വർത്തമാനകാലത്ത് നഗരങ്ങൾ അഭിമുഖീകരിക്കുന്ന രണ്ടാം തലമുറ വികസന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിൽ നമ്മുടെ നഗരങ്ങൾ കാണിക്കുന്ന നേതൃത്വപാടവവും പങ്കും വളരെയധികം ശ്ലാഘനീയമാണെന്ന് അമൃത് മിഷൻ ഡയറക്ടർ അഭിപ്രായപ്പെട്ടു. അമൃത് 1 ലെ പദ്ധതികൾ പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടങ്ങളിലാണെന്നും അമൃത് 2.0 കേരളത്തിലെ എല്ലാ നഗരങ്ങളിലെയും എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കുന്ന ബൃഹത്തായ ഒരു പദ്ധതിയാണെന്നും മിഷൻ ഡയറക്ടർ അറിയിച്ചു. അമൃത് 2.0 സംസ്ഥാനതല ഉദ്ഘാടനചടങ്ങിൽ സ്വാഗതം ആശംസിച്ച് സംസാരിക്കുകയായിരുന്നു മിഷൻ ഡയറക്ടർ.



# “അമൃത് 1 ലെ അനുഭവങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട് അമൃത് 2.0 യിലെ പദ്ധതികൾ ആസൂത്രണം ചെയ്യണം”

അമൃത് 1 ലെ പദ്ധതികൾ ആഗ്രഹിച്ച രീതിയിൽ നമുക്ക് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ആകെ പദ്ധതികളിൽ 760 പദ്ധതികളാണ് നാളിതുവരെ പൂർത്തീകരിക്കാൻ സാധിച്ചത്. മുൻഗണനാ മേഖലയിലുൾപ്പെട്ട മേഖലകളിൽ പോലും പദ്ധതികൾ നടപ്പിലാക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതി കാലയളവ് ഒരു വർഷം കൂടി നീട്ടിയിട്ടുള്ളതിനാൽ പദ്ധതി തുക ലാപ്സാകാതെ പദ്ധതികൾ പൂർത്തിയാക്കുന്നതിൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടെന്ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ അഭിപ്രായപ്പെട്ടു. അമൃത് 2.0 സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു ബഹു. മന്ത്രി.

നഗരവത്ക്കരണ തോത് ഏറ്റവും ഉയർന്ന സംസ്ഥാനമാണ് കേരളം. ദ്രവമാലിന്യ സംസ്കരണ മേഖലയിൽ നമുക്ക് പദ്ധതികൾ നല്ല രീതിയിൽ നടപ്പിലാക്കാൻ സാധിക്കാത്തത് ഒരു വലിയ പോരായ്മയാണ്. കൃത്യമായി ആസൂത്രണവും പൊതുജനങ്ങളെ വിശ്വാസത്തിലെടുക്കാതെ പദ്ധതിയ്ക്കായി സ്ഥലം കണ്ടെത്തിയതും കാരണം പദ്ധതി നിർവ്വഹണ ഘട്ടത്തിൽ വലിയ തോതിലുള്ള പൊതുജന പ്രക്ഷോഭത്തെ നേരിടേണ്ടി വന്നു. മാലിന്യ സംസ്കരണത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള ആശങ്കകൾ പരിഹരിച്ച് അവരെ കൂടി വിശ്വാസത്തിലെടുത്ത് വേണം പദ്ധതികൾ നടപ്പിലാക്കാൻ. പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ നാട്ടിലെ മാലിന്യമെല്ലാം കൊണ്ടുവന്ന് തങ്ങളുടെ പ്രദേശം മലിനമാക്കപ്പെടുമോ എന്ന ആശങ്കയാണ് പരിസരവാസികൾക്കുള്ളത്.



മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കാൻ സാധിക്കും എന്ന് ഉറപ്പുള്ള സ്ഥലങ്ങളിൽ മാത്രമെ അതിനായുള്ള സ്ഥലം തിരഞ്ഞെടുക്കാവൂ. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിച്ച ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ പോലുള്ള പ്ലാന്റുകളുടെ വിവരങ്ങളും മറ്റും നൽകി പൊതുജനങ്ങളെ ബോധവത്ക്കരണം നടത്തേണ്ടതും ഇത്തരുണത്തിൽ നാടിന്റെ തന്നെ ഒരാവശ്യമാണ്. അമൃത് 1 ലെ അനുഭവങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട് അമൃത് 2.0 വിലെ പദ്ധതികൾ കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. ദ്രവമാലിന്യ പദ്ധതികൾക്കായി പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതികൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുവേണം പദ്ധതി ആസൂത്രണം ചെയ്യാൻ. 4000 കോടി രൂപയുടെ പദ്ധതികളാണ് അമൃത് 2.0 യിൽ നടപ്പിലാക്കേണ്ടത്. എല്ലാവർക്കും കുടിവെള്ളമെത്തിക്കാനും, അമൃത് നഗരങ്ങളിലെ സമ്പൂർണ്ണ ദ്രവമാലിന്യ സംസ്ക്കരണത്തിനുമുള്ള പദ്ധതികൾ നമ്മുടെ നഗരങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കണം. ദൈവത്തിന്റെ സ്വന്തം നാട് നന്നറിയപ്പെടുന്ന നാട് സമ്പൂർണ്ണ ശുചിത്വ നാട് എന്ന പേര് കൈവരിക്കേണ്ടതുണ്ട്. അടുത്ത അഞ്ച് വർഷം കൊണ്ട് നമ്മുടെ നാടിനെ സമ്പൂർണ്ണ ശുചിത്വ നാടാക്കി മാറ്റണമെന്നും ബഹു. മന്ത്രി അഭിപ്രായപ്പെട്ടു.



# കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിൽ നിന്നുള്ള ആശംസകൾ



*"അമൃത് 1 ൽ അർബൻ ട്രാൻസ്പോർട്ട്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, പാർക്ക് മേഖല കളിൽ വലിയ നേട്ടങ്ങളുണ്ടാക്കാൻ കേരള ത്തിന് സാധിച്ചു. എന്നാൽ സെപ്റ്റേജ്, മാലിന്യ സംസ്കരണ മേഖലയിൽ പറയ ത്തക്ക മുന്നേറ്റമുണ്ടായില്ല. അമൃത് 2.0 ൽ മുൻഗണനാ മേഖലകളിൽ ഒന്നായ സെപ്റ്റേജ് / സ്വീവേജ് മേഖലയിൽ ഗണ്യ മായ നേട്ടങ്ങളുണ്ടാക്കാൻ കേരളത്തിന് സാധിക്കും എന്ന് എനിക്ക് വിശ്വാസമുണ്ട്. അമൃത് 2.0 യ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു."*

**മനോജ് ജോഷി**
**സെക്രട്ടറി**
**കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം**



*"അമൃത് 1 ൽ വളരെ മികച്ച പ്രകടനമാണ് കേരളം കാഴ്ച്ചവെച്ചത്. അമൃത് 2.0 നഗര ങ്ങളുടെ ജലഭദ്രതയാണ് ലക്ഷ്യമിടുന്നത്. മലിന ജല സംസ്കരണം, ജല സ്രോതസ്സു കളുടെ സംരക്ഷണം, സംസ്കരിച്ച ജല ത്തിന്റെ അളവ്, പുനരുപയോഗിക്കുന്ന ജലത്തിന്റെ തോത് എന്നിങ്ങനെ സമഗ്ര മായ നഗര ജല സംതുലന പദ്ധതി ഇതി നായി ആവിഷ്ക്കരിക്കേണ്ടതുണ്ട്. കൂടാതെ അമൃത് 1 ലെ പരിഷ്ക്കരണ നട പടികളുടെ തുടർച്ചയായി ചില പരിഷ്ക്കര ണങ്ങളും നടത്തേണ്ടതുണ്ട്. അമൃത് 1 മികച്ച രീതിയിൽ നടപ്പിലാക്കിയ കേരള ത്തിന് അമൃത് 2.0 യും നന്നായി നടപ്പാ ക്കാൻ സാധിക്കുമെന്ന പ്രതീക്ഷയോടെ എല്ലാവിധ ആശംസകളും നേരുന്നു"*

**ഡി. താര**
**അഡീഷണൽ സെക്രട്ടറി**
**കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം**

# “മാലിന്യ നിർമ്മാർജ്ജനത്തിലെ പിന്നാക്കാവസ്ഥ രാജ്യത്തും അന്തർദേശീയ തലത്തിലും സംസ്ഥാനത്തിന്റെ പ്രതിഛായയെ ബാധിക്കും”



മാലിന്യ നിർമ്മാർജ്ജനത്തിലെ പിന്നാക്കാവസ്ഥ രാജ്യത്തും അന്തർദേശീയ തലത്തിലുമുള്ള സംസ്ഥാനത്തിന്റെ പ്രതിഛായയെ ബാധിക്കുമെന്ന് ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയി പറഞ്ഞു. അമൃത് 2.0 യുടെ സംസ്ഥാനതല ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളം പോലെ വളരെയധികം വിദ്യാസമ്പന്നരായ ആളുകളുള്ള ഒരു സംസ്ഥാനത്തെ ജനത മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് പുറംതിരിഞ്ഞ് നിൽക്കുകയാണ്. ഒരു പ്രദേശത്തെ ജനം മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് എതിർ നിൽക്കുകയാണെങ്കിൽ അവിടെയുള്ളവർ മാലിന്യം പരസ്യമായി തോടുകളിലോ, റോഡുകളിലോ നിക്ഷേപിക്കാൻ പാടില്ല. അത്തരക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുമെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

മാലിന്യ നിർമാർജ്ജനത്തിനും, കുടിവെള്ളത്തിനുമുള്ള പദ്ധതികൾ തുല്യ പ്രാധാന്യത്തോടെ കാണേണ്ടതുണ്ട്. കോടിക്കണക്കിന് രൂപ ചെലവാക്കി സ്ഥാപിക്കുന്ന പദ്ധതികൾ നിലനിർത്തുന്ന സംവിധാനം കുടിവെള്ള മേഖലയിൽ ഉണ്ടാകണം. ഭരണാനുമതി നൽകുന്ന ഉത്തരവിൽ തന്നെ പദ്ധതി പൂർത്തീകരണ തീയതിയും അതിന് ഉത്തരവാദിത്വം വഹിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും രേഖപ്പെടുത്തണം. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിൽ നഷ്ടം സർക്കാരിന്. പൊതു പദ്ധതികൾ അന്ധമായി തടയുന്നവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കണമെന്നും ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

മാലിന്യ സംസ്കരണത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകണം. മാലിന്യ സംസ്കരണ രംഗത്തെ നവീന സാങ്കേതിക വിദ്യകൾ ജനങ്ങൾക്ക് പരിചയപ്പെടുത്തണം. നമ്മുടെ നഗരങ്ങളെ സാനിറ്റേഷൻ രംഗത്ത് രാജ്യത്തെ മികച്ച നഗരങ്ങളായി വാർത്തെടുക്കാനായി നമുക്ക് ശ്രമിക്കേണ്ടതുണ്ട്. അമൃത് 2.0 യിലെ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.



# “ഭരണപരമായ അധികാരത്തോടെ പദ്ധതികൾ നടപ്പിലാക്കുവാനുള്ള സാഹചര്യം തദ്ദേശ സ്ഥാപനങ്ങൾക്കുണ്ടാവണം”

സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ തുടർച്ചയായി 3 വർഷവും കേരളം ഒന്നാം സ്ഥാനത്താണ്. ഇത് കേരള വികസന മാതൃകയുടെ വിജയമായി കരുതാം. എന്നാൽ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഘടകങ്ങളിൽ ശുദ്ധ ജല വിതരണം, സാനിറ്റേഷൻ മേഖലകൾ എടുത്ത് പരിശോധിക്കുമ്പോൾ നാം ശരാശരി നിലവാരത്തിലാണ് എത്തി നിൽക്കുക. നഗരവത്ക്കരണം ത്വരിത ഗതിയിൽ നടക്കുന്നതിനാൽ നഗരങ്ങളുടെ മേൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സമ്മർദ്ധം കൂടി വരികയാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ ഐ.എ.എസ്. അഭിപ്രായപ്പെട്ടു. അമൃത് 2.0 യുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ അദ്ധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ മുൻഗണനാമേഖലകളിൽ ശുദ്ധജലവിതരണവും മാലിന്യസംസ്ക്കരണവും മുൻഗണനാ മേഖലകളായി നിശ്ചയിച്ചിട്ടുണ്ട്. ദ്രവമാലിന്യ സംസ്ക്കരണം വളരെ ശ്രദ്ധ പതിപ്പിക്കേണ്ട ഒരു മേഖലയായി വളർന്നിരിക്കുന്നു. കുടിവെള്ളത്തെ സംബന്ധിച്ചുള്ള പരിഹാരമാർഗ്ഗങ്ങൾ നമുക്ക് കണ്ടെത്താൻ സാധിക്കും. എന്നാൽ ദ്രവമാലിന്യ സംസ്ക്കരണ മേഖലയിൽ വലിയ വെല്ലുവിളികളാണ് സംസ്ഥാനത്തിന് നേരിടേണ്ടിയിരിക്കുന്നത്. കൃത്യമായ ആസൂത്രണവും ജനങ്ങളെ ബോധവത്ക്കരിക്കലും ഈ മേഖലയിൽ വളരെയധികം പ്രാധാന്യമുള്ള രണ്ട് ഘടകങ്ങളാണ്.



ഈ സാഹചര്യത്തിലാണ് അമൃത് 2.0 യ്ക്ക് വളരെയധികം പ്രാധാന്യം വർദ്ധിക്കുന്നത്. സാധാരണ ഗതിയിൽ പദ്ധതികൾ നടപ്പാക്കാനുള്ള ഒരു ഏജൻസിയായി തദ്ദേശ സ്ഥാപനങ്ങൾ മാറാറുണ്ട്. എന്നാൽ പദ്ധതികളുടെ മേൽ ഭരണപരമായ ഒരു അധികാരത്തോടെ അത് നടപ്പിലാക്കുവാനുള്ള സാഹചര്യം നമ്മുടെ തദ്ദേശ സ്ഥാപനങ്ങൾക്കുണ്ടാവണം. തദ്ദേശീയ സാഹചര്യങ്ങൾക്ക് അനുസരണമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുന്നതിന് ഇത് സഹായകമാകും. പദ്ധതികളുടെ നിർവ്വഹണ ഘട്ടത്തിൽ ഉണ്ടായേക്കാവുന്ന പല പ്രതിസന്ധികളും ഒഴിവാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കിയാൽ സാധിക്കുമെന്നും തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.



# “പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് ആഴ്ചതോറും പദ്ധതി അവലോകനം നിർബന്ധമായും നടത്തണം”



അമൃത് 2.0 പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് ആഴ്ചതോറും പദ്ധതി അവലോകനം നിർബന്ധമായും നടത്തണമെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി.കെ. ജോസ് ഐ.എ.എസ്. അഭിപ്രായപ്പെട്ടു. അമൃത് 2.0 യുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ ആശംസകളർപ്പിച്ച് സംസാരിക്കുകയായിരുന്നു. അഡീഷണൽ ചീഫ് സെക്രട്ടറി.

അമൃത് 1 പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകളിൽ നിന്ന് പാഠം ഉൾക്കൊണ്ട്, നാടിന് വേണ്ടിയാണ് പദ്ധതി ആസൂത്രണം ചെയ്യുന്നതെന്ന ബോധ്യത്തിൽ കാര്യങ്ങൾ നന്നായി പഠിച്ച് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്യോഗസ്ഥർ ശ്രമിക്കേണ്ടതുണ്ട്. കേവലമായ ഡിപ്പാർട്ട്മെന്റലിസം കാരണം പദ്ധതികൾ വൈകിയാൽ അതിന് വലിയ വില കൊടുക്കേണ്ടി വരും. പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, കമ്മീഷനിംഗ് എന്നിവ സംബന്ധിച്ച സമഗ്രമായ വിലയിരുത്തലും കാഴ്ച്ചപ്പാടും ഉദ്യോഗസ്ഥർക്ക് ഉണ്ടാകും. വിവിധ പദ്ധതികളുടെ നിലവിലെ അവസ്ഥകൾ ചൂണ്ടികാണിച്ചുകൊണ്ടാണ് അഡീഷണൽ ചീഫ് സെക്രട്ടറി ഇങ്ങനെ അഭിപ്രായപ്പെട്ടത്.

പദ്ധതികൾ വൈകിയാലുണ്ടാകുന്ന സാമ്പത്തികമായ ബാധ്യത കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച് കേന്ദ്രം വഹിക്കുന്നതല്ല. അപ്രകാരം ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതകൾ സംസ്ഥാനമോ, തദ്ദേശ സ്ഥാപനങ്ങളോ ആയിരിക്കും വഹിക്കേണ്ടി വരിക. കൂടാതെ അമൃത് 2.0 യെ സംബന്ധിച്ച് സംസ്ഥാന തദ്ദേശ സ്ഥാപന വിഹിതം അമൃത് 1 നെ ക്കാൾ കൂടുതലാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിൽ സാമ്പത്തികമായി ഉണ്ടാകുന്ന നഷ്ടം സംസ്ഥാനമോ തദ്ദേശ സ്ഥാപനങ്ങളോ വഹിക്കേണ്ടിവരും. പദ്ധതികൾ നടപ്പിലാക്കുന്നതിൽ വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്തതുകാരണം പല പദ്ധതികളും ആരംഭിക്കാൻ കഴിയുന്നില്ല. പദ്ധതികൾ വരുമ്പോൾ സ്വാതന്ത്ര്യത്തിന് മുൻപ് പരസ്പരം പോരടിച്ചിരുന്ന നാട്ടുരാജ്യങ്ങളുടെ അവസ്ഥയാണ് നമ്മുടെ വകുപ്പുകൾക്കെന്നും അദ്ദേഹം പറഞ്ഞു.

അമൃത് 1 ന്റെ അനുഭവങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട്, നല്ല തയ്യാറെടുപ്പോടെ അമൃത് 2.0 പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.



# “തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി മേൽനോട്ടത്തിനായി ഒരു സംവിധാനം നിലവിൽ വരണം. ”

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി മേൽനോട്ടത്തിനായി ഒരു സംവിധാനം നിലവിൽ വരണം. പദ്ധതികളുടെ സമയ ബന്ധിതമായ പ്രവർത്തനങ്ങൾക്ക് സുതാര്യമായ ഒരു മോണിറ്ററിംഗ് സംവിധാനം അത്യാവശ്യമാണെന്ന് തദ്ദേശ സ്വയംഭരണ (നഗര) വകുപ്പ് സെക്രട്ടറി ശ്രീ. ബിജു പ്രഭാകർ ഐ.എ.എസ്. അഭിപ്രായപ്പെട്ടു. അമൃത് 2.0 യുടെ സംസ്ഥാന തല ഉദ്ഘാടന ചടങ്ങിൽ ആശംസ അർപ്പിച്ച് സംസാരിക്കുകയായിരുന്നു സെക്രട്ടറി.

അമൃത് പദ്ധതി മോണിറ്ററിംഗിലെ പിഴവുകൾ പരിഹരിച്ച് മുന്നോട്ട് പോകണമെന്നും, നഗരസഭകൾ നിലവിലെ ഭരണ സമിതിയിലെ കാലയളവിനുള്ളിൽ തന്നെ പദ്ധതികൾ പൂർത്തീകരിക്കാൻ മുൻകൈ എടുക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.





# അമൃത് 1.0 - അനുഭവങ്ങൾ

## തിരുവനന്തപുരം കോർപ്പറേഷൻ



"അമൃത് 1 മായി ബന്ധപ്പെട്ട് 210 കോടി രൂപ ചെലവഴിച്ചു. മെഡിക്കൽ കോളേജ് ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റ് ഉദ്ഘാടനം ചെയ്തു. ബഹു. തദ്ദേശ സ്വയംഭ രണ വകുപ്പ് മന്ത്രിയുടെ ആഗ്രഹ പ്രകാരം മെഡിക്കൽ കോളേജ് എസ്.റ്റി.പി. യിലും മുട്ടത്തറ എസ്.റ്റി.പി. യിലും ആൾക്കാർ വന്നുപോകുന്ന പാർക്ക് നിർമിക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. അമൃത് 2.0 ലെ പദ്ധതികൾ കാര്യക്ഷമമായി നടത്തുവാൻ നഗരസഭയ്ക്ക് സാധിക്കും

**ശ്രീ. പി.കെ. രാജു**
ഡെപ്യൂട്ടി മേയർ
തിരുവനന്തപുരം കോർപ്പറേഷൻ

## കൊല്ലം കോർപ്പറേഷൻ



"ഒരു നഗരത്തിന്റെ സമഗ്രമായ വികസനത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ കാര്യമാണ് മാലിന്യസംസ്കരണവും മറ്റ് അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കലും. അമൃത് 1 കൊല്ലം നഗരസഭയെ സംബന്ധിച്ച് അടിസ്ഥാന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമായില്ലെങ്കിലും ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞു എന്നത് വസ്തുതയാണ്. കൊല്ലം നഗരസഭയിലെ 12 എം.എൽ.ഡി. ദ്രവമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവൃത്തി 30% പൂർത്തീകരിക്കാൻ സാധിച്ചു. ഞാൺകടവിലെ ശുദ്ധജല പദ്ധതി വൈകാൻ കാരണം എസ്റ്റിമേറ്റിലെ പിഴവാണ്. അമൃത് 2.0 യിലേയ്ക്ക് കടക്കുമ്പോൾ ഉദ്യോഗസ്ഥ തലത്തിലുണ്ടാകുന്ന ഇത്തരം സാങ്കേതിക പിഴവുകൾ വരുത്താതെ ശ്രദ്ധിക്കണം.

**ശ്രീമതി പ്രസന്ന ഏണസ്റ്റ്**
മേയർ, കൊല്ലം കോർപ്പറേഷൻ

# കൊച്ചി കോർപ്പറേഷൻ



“അമൃത് 1 മായി ബന്ധപ്പെട്ട് ഒരുപാട് നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. പദ്ധതിയുടെ കാര്യക്ഷമമായി നടത്തുവാൻ കോഡിനേഷൻ അത്യാവശ്യമാണ്. പദ്ധതികൾക്കാവശ്യമായ ലാൻഡ് ഏറ്റെടുക്കലിന് സർക്കാർ തലത്തിൽ ഒരു ഏകീകൃത സംവിധാനം വേണം. പദ്ധതികൾ നടക്കരുതെന്ന് ആഗ്രഹിക്കുന്നവർക്കെതിരെ കാര്യക്ഷമമായ ചെറുത്ത് നിൽപ്പ് ഉണ്ടാകണം. പദ്ധതികൾ മിഷൻ മോഡിൽ നടപ്പിലാക്കണം. പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കി സാങ്കേതിക ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കണം.

**ശ്രീ. എം. അനിൽകുമാർ**
മേയർ
കൊച്ചി കോർപ്പറേഷൻ

# തൃശ്ശൂർ കോർപ്പറേഷൻ



“തൃശ്ശൂർ കോർപ്പറേഷൻ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ തയ്യാറാണ്. വേസ്റ്റ് മാനേജ്മെന്റ് പദ്ധതികളിൽ നിന്ന് പ്രോഫിറ്റ് ജനറേറ്റ് ചെയ്ത് പരിസരവാസികൾക്ക് ഉപകാരപ്രദമാക്കി ക്രീയാത്മക സമീപനം സ്വീകരിക്കണം. അമൃത് 1 ൽ 5 സെക്ടറുകളിലായി 265.33 കോടി രൂപ ലഭിച്ചു. ആകെയുള്ള 109 പദ്ധതികളിൽ 78 പദ്ധതികൾ പൂർത്തീകരിച്ചു. പീച്ചി റിസർവോയറിൽ ഫ്ളോട്ടിംഗ് ട്രീറ്റ്മെന്റ് പ്ലാന്റ് ആണ് സ്ഥാപിച്ചിരിക്കുന്നത്. ഉദ്യോഗസ്ഥരുടെ കാര്യക്ഷമമായ പ്രവർത്തനം കൊണ്ടാണ് ഇത് സാധ്യമായത്.

**ശ്രീ. എം.കെ. വർഗ്ഗീസ്**
മേയർ
തൃശ്ശൂർ കോർപ്പറേഷൻ

# കോഴിക്കോട് കോർപ്പറേഷൻ



"മാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് എതിരെ പ്രവർത്തിക്കുന്നവരെ കാര്യമായി ബോധവത്ക്കരിക്കണം. സർക്കാരിന്റെ പി.ആർ.ഡി. ഉണർന്ന് പ്രവർത്തിക്കണം. നെപ്പോട്ടിസവും ഫേവറിസവും ഒഴിവാക്കണം. ഇത് ഇന്നത്തെ കാര്യമല്ല, ഭാവിയിലേയ്ക്കുള്ള കാര്യമാണ്. കേരളത്തിന്റെ ഭാവിയെ കരുതി അമൃത് പദ്ധതിയുമായി ബന്ധപ്പെടുന്ന ഉദ്യോഗസ്ഥരും ജനപ്രതിനിധികളും യാഥാർത്ഥ്യബോധത്തോടെയും ഒരു ദർശനത്തോടെയും പെരുമാറണം.

**ഡോ. ബീനാ ഫിലിപ്പ്**
മേയർ
കോഴിക്കോട് കോർപ്പറേഷൻ

# കണ്ണൂർ കോർപ്പറേഷൻ



"അമൃത് പദ്ധതിയിലൂടെ കോർപ്പറേഷനിലെ നിരവധി വീടുകളിൽ വെള്ളമെത്തിക്കാൻ സാധിച്ചു. നിരവധി പാർക്കുകളും, ഓടകളും സ്ഥാപിച്ചു. സ്വീവേജ്/ സെപ്റ്റേജ് മേഖലയിലെ പദ്ധതികൾ നടന്നുവരുന്നു. പദ്ധതികൾ നടപ്പിലാക്കുന്നതിൽ സംസ്ഥാനത്തെ മികച്ച കോർപ്പറേഷനുകളിൽ ഒന്നാണ് കണ്ണൂർ. വേനക്കാലത്തെ കുടിവെള്ള ക്ഷാമം പൂർണ്ണമായി അമൃത് പദ്ധതിയിലൂടെ പരിഹരിച്ചു. അമൃത് 2.0 പദ്ധതിയിലൂടെ നഗരത്തെ പൂർണ്ണമായും മാലിന്യ മുക്തമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ശ്രീമതി കെ. ഷബീന**
ഡെപ്യൂട്ടി മേയർ
കണ്ണൂർ കോർപ്പറേഷൻ

# ഗുരുവായൂർ മുനിസിപ്പാലിറ്റി



"അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട് സാമാന്യം ഭേദപ്പെട്ട പ്രകടനമാണ് ഗുരുവായൂർ മുനിസിപ്പാലിറ്റി കാഴ്ച്ചവെച്ചത്. അടിസ്ഥാന സൗകര്യ വികസനത്തിന് അമൃത് ഒരുപാട് സഹായിച്ചു. മുനിസിപ്പാലിറ്റികളുടെ ധനകാര്യസ്ഥിതി വളരെ പരിതാപകരമാണ്. പല നഗരസഭകളും കടക്കെണിയുടെ വക്കിലാണുള്ളത്. പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കാത്ത തരത്തിൽ സാമ്പത്തിക പ്രതിസന്ധി മുനിസിപ്പാലിറ്റികളെ ബാധിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ഏകോപനമില്ലായ്മ പദ്ധതി നിർവ്വഹണത്തെ കാര്യമായി ബാധിക്കുന്നു.

**ശ്രീ എം. കൃഷ്ണദാസ്**
ചെയർമാൻ
ഗുരുവായൂർ മുനിസിപ്പാലിറ്റി

# ആലപ്പുഴ മുനിസിപ്പാലിറ്റി



"അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പദ്ധതി വിഹിതം ചെലവഴിച്ചത് ആലപ്പുഴ നഗരസഭയാണ്. അമൃത് പദ്ധതിയുടെ ഭാഗമായി നഗരസഭയിലെ തോടുകളെല്ലാം വൃത്തിയാക്കി. കുടിവെള്ളത്തിന് പ്രാധാന്യം നൽകിയ അമൃത് 1 ആവിഷ്ക്കരിച്ച പദ്ധതികൾ 40% പൂർത്തീകരിച്ചു. വിവിധ പാർക്കുകൾ പൂർത്തീകരിച്ചു. ആലപ്പുഴയെ സംബന്ധിച്ച് 77.8% പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സഹായിച്ചത് ഉദ്യോഗസ്ഥരാണ്.

**ശ്രീമതി സൗമ്യ രാജ്**
ചെയർപേഴ്സൺ
ആലപ്പുഴ മുനിസിപ്പാലിറ്റി

# പാലക്കാട് മുനിസിപ്പാലിറ്റി

" അമൃത് 1 പദ്ധതികൾ നഗരത്തിന്റെ മുഖച്ഛായ മാറ്റി. 150 കി. മീ. ദൈർഘ്യത്തിൽ കുടിവെള്ള പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിച്ചു. 21 പാർക്കുകൾ നഗരത്തിൽ സ്ഥാപിച്ചു. സ്വീവേജ്/ സെപ്റ്റേജ് പദ്ധതികൾ നടപ്പിലാക്കുന്നത് നഗരസഭയെ സംബന്ധിച്ച് വലിയ വെല്ലുവിളിയായിരുന്നു. അടുത്ത കാലത്താണ് ഇതിനായി സർക്കാർ സ്ഥലം അനുവദിച്ചത്. വിവിധ സ്ഥലങ്ങളിൽ മേൽപ്പാലങ്ങളും നടപ്പാതകളും സ്ഥാപിച്ചു.

**ശ്രീമതി കെ. പ്രിയ അജയൻ**
ചെയർപേഴ്സൺ
പാലക്കാട് മുനിസിപ്പാലിറ്റി





അമൃത് 2.0 ഉദ്ഘാടനത്തിനോടനുബന്ധിച്ച് പദ്ധതി സംബന്ധിച്ച് ഒരു ചർച്ച സംഘടിപ്പിച്ചിരുന്നു. അമൃത് മിഷൻ ഡെപ്യൂട്ടി മിഷൻ ഡയറക്ടർ പ്രസന്റേഷൻ അവതരിപ്പിച്ചു. ചർച്ചയിൽ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. മിഷൻ ഡയറക്ടറും ഡെപ്യൂട്ടി മിഷൻ ഡയറക്ടറും പദ്ധതി സംബന്ധമായ പ്രതിനിധികളുടെ സംശയങ്ങൾക്ക് മറുപടി നൽകി. ചടങ്ങിൽ പങ്കെടുത്തവർക്ക് ഡെപ്യൂട്ടി മിഷൻ ഡയറക്ടർ കൃതജ്ഞത രേഖപ്പെടുത്തി





# അമൃത് പദ്ധതിയുടെ സംസ്ഥാനതല അവലോകന യോഗം



അമൃത് പദ്ധതിയുടെ സംസ്ഥാനതല അവലോകന യോഗം 2022 ഫെബ്രുവരി 26 ന് തിരുവനന്തപുരത്ത് മുനിസിപ്പൽ ഹാളിൽ വച്ച് നടത്തുകയുണ്ടായി. സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിലെയും സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റിലെയും ഉദ്യോഗസ്ഥർ അവലോകനയോഗത്തിൽ പങ്കെടുത്തു. അമൃത് മിഷൻ ഡയറക്ടറും, ഡെപ്യൂട്ടി മിഷൻ ഡയറക്ടറും പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.

അമൃത് 1 ലെ പദ്ധതി നിർവ്വഹണ പുരോഗതി യോഗം വിലയിരുത്തി. സ്വീവേജ്/സെപ്റ്റേജ് മേഖലയിലെ പദ്ധതികൾ താമസംവിനാ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും എളുപ്പത്തിൽ പൂർത്തീകരിക്കാൻ സാധിക്കുന്നതും പ്രത്യേകിച്ച് തടസ്സങ്ങൾ ഉണ്ടാകാൻ സാധ്യതയില്ലാത്തതുമായ പദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കുവാനും മിഷൻ ഡയറകടർ നിർദ്ദേശിച്ചു.

അമൃത് 2.0 യിൽ നഗര ജല കർമ്മ പദ്ധതി (City Water Action Plan) സംബന്ധിച്ചുള്ള മാർഗനിർദ്ദേശങ്ങളും തയ്യാറാക്കേണ്ട രീതിയും യോഗത്തിൽ ഡെപ്യൂട്ടി മിഷൻ ഡയറക്ടർ വിശദീകരിച്ചു. അമൃത് 1 ലെ പദ്ധതികളിൽ ഭൗതീക പുരോഗതി നേടിയതും സാമ്പത്തിക പുരോഗതി കൈവരിക്കാത്തതുമായ പദ്ധതികൾ കണ്ടെത്തി, സാമ്പത്തിക പുരോഗതി കൂടി ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിച്ചു. യോഗാനന്തരം ആലപ്പുഴ കളക്ടറയായി ചുമതലയേൽക്കുന്ന അമൃത് മിഷൻ ഡയറക്ടർ ഡോ. രേണു രാജ് ഐ.എ.എസ്സിന് ജീവനക്കാർ ഊഷ്മളമായ യാത്രയയപ്പു നൽകി. ജീവനക്കാർക്ക് വേണ്ടി അമൃത് ഡെപ്യൂട്ടി മിഷൻ ഡയറക്ടർ ശ്രീ. എ.എൽ. ചാൾസ് ഉപഹാരം സമർപ്പിച്ചു.



**അമൃത് 2.0 സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുന്ന അമൃത് സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് ടീം**

# ആലപ്പുഴ ജില്ലാ കളക്ടറായി നിയമിതയായ അമൃത് മിഷൻ ഡയറക്ടർ ഡോ. രേണുരാജ് ഐ.എ.എസ്സിന് ആശംസകൾ...................

2020 ജൂൺ മാസത്തിൽ അമൃത് മിഷന്റെ ഡയറക്ടറായി ഡോ. രേണു രാജ് ഐ.എ.എസ്. ചുമതലയേൽക്കുമ്പോൾ അമൃത് മിഷൻ കേരളത്തിൽ ആരംഭിച്ചിട്ട് 5 വർഷം പിന്നിട്ടിട്ടുണ്ടായിരുന്നു. 2357 കോടി രൂപയുടെ 1008 പദ്ധതികളാണ് മിഷൻ കാലാവധിയായ അഞ്ച് വർഷക്കാലം കൊണ്ട് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ വിവിധ കാരണങ്ങളാൽ പല മേഖലകളിലും പദ്ധതി പ്രവർത്തനം മന്ദഗതിയിലാണ് പുരോഗമിച്ചിരുന്നത്. അക്കാരണം കൊണ്ടുതന്നെ 478 പദ്ധതികൾ പൂർത്തീകരിച്ച്, 837.04 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിരുന്ന അക്കാലത്ത് നിന്ന് 2022 ഫെബ്രുവരി മാസം അവസാനിക്കുമ്പോൾ 1283 കോടി രൂപയുടെ പദ്ധതി ചെലവും 774 പദ്ധതികൾ പൂർത്തീകരിക്കുന്ന തലത്തിലേയ്ക്കും മിഷൻ പ്രവർത്തനങ്ങളിൽ വലിയ ഒരു പുരോഗതി കൈവരിക്കുവാൻ സാധിച്ചു.



അമൃത് മിഷൻ ഡയറക്ടർ എന്ന നിലയിൽ ഡോ. രേണു രാജ് ഐ.എ.എസ്സിന്റെ ഭരണ പാടവവും കാര്യങ്ങൾ നടത്തിക്കുവാനും ജീവനക്കാരിൽ ഒരാളായി നിന്ന് അവരെ പ്രചോദിപ്പിക്കുവാനുമുള്ള അസാമാന്യമായ വ്യക്തി പ്രഭാവവുമാണ് ഒന്നര വർഷക്കാലയളവിനുള്ളിൽ മിഷൻ കൈവരിച്ച ഈ നേട്ടത്തിന് കാരണം. ആലപ്പുഴ കളക്ടറായി ഉദ്യോഗക്കയറ്റം നൽകി സർക്കാർ ഡോ. രേണു രാജ് ഐ.എ.എസ്സ് നെ നിയമിക്കുമ്പോൾ അമൃത് മിഷനും മിഷനിലെ ഓരോ ജീവനക്കാരനും അത് ഒരു വലിയ നഷ്ടം തന്നെയാണ്. മിഷൻ മോഡിൽ ജോലി ചെയ്യുമ്പോൾ തരണം ചെയ്യേണ്ടി വരുന്ന തടസ്സങ്ങളുടെ മുന്നിൽ നിന്ന് നയിക്കുവാനും തങ്ങളോടൊപ്പം നിന്ന് ജോലി ചെയ്യുകയും തങ്ങളുടെ സന്തോഷങ്ങളിലും ദു:ഖങ്ങളിലും പങ്കെടുക്കുകയും ആഘോഷങ്ങളിൽ തങ്ങളിൽ ഒരാളായി തീരുകയും ചെയ്യുന്ന ഒരു വലിയ മനുഷ്യസ്നേഹിയും കർമ്മയോഗിയുമായിരുന്നു ഡോ. രേണു രാജ് ഐ.എ.എസ്. പദവിയുടെ ആഢ്യത്വങ്ങളില്ലാത്ത ഒരു ഉദ്യോഗസ്ഥയായിരുന്നു. അമൃത് മിഷൻ പ്രവർത്തനങ്ങളെ രാജ്യത്തിന്റെ മിഷൻ പ്രവർത്തനങ്ങളോടൊപ്പം മുഖ്യധാരയിലെത്തിച്ചതിൽ ഒരു പ്രമുഖ സ്ഥാനം അമൃത് മിഷൻ ഡയറക്ടറിനുള്ളതാണ്.

ഈ അവസരത്തിൽ ഡോ. രേണു രാജ് ഐ.എ.എസ്. അമൃത് മിഷന് നൽകിയ സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. കൂടാതെ അമൃത് മിഷനിലെ ഓരോ ജീവനക്കാരെയും തുല്യരായി കാണുകയും, കരുതുകയും ചെയ്ത ഡോ. രേണു രാജ് ഐ.എ.എസ്സിന് പുതിയതായി ലഭിച്ച സ്ഥാനലബ്ധിയിൽ സന്തോഷിക്കുകയും വീണ്ടും ഉയരങ്ങളിൽ എത്തുവാൻ കഴിയട്ടെ എന്ന് സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിലെയും സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റിലെയും ജീവനക്കാർക്ക് വേണ്ടി ആശംസിക്കുന്നു.

**ഡെപ്യൂട്ടി മിഷൻ ഡയറക്ടർ**





# ജൽ ശക്തി അഭിയാൻ - മികച്ച രീതിയിൽ പദ്ധതികൾ നടപ്പിലാക്കിയ നഗരസഭകൾക്ക് സമ്മാനം നൽകി

**ജൽ ശക്തി അഭിയാൻ സമ്മാനം നേടിയ നഗരസഭകൾ**

**വടക്കൻ മേഖല**
**മികച്ച കോർപ്പറേഷൻ**

**കോഴിക്കോട്**

**മികച്ച മുനിസിപ്പാലിറ്റി**

**ഒന്നാം സ്ഥാനം - ഫറോക്ക്**
**രണ്ടാം സ്ഥാനം - ശ്രീകണ്ഠപുരം**

**മധ്യ മേഖല**
**മികച്ച കോർപ്പറേഷൻ**

**തൃശ്ശൂർ**

**മികച്ച മുനിസിപ്പാലിറ്റി**

**ഒന്നാം സ്ഥാനം - വടക്കാഞ്ചേരി**
**രണ്ടാം സ്ഥാനം - പാലക്കാട്**

**തെക്കൻ മേഖല**
**മികച്ച കോർപ്പറേഷൻ**

**തിരുവനന്തപുരം**

**മികച്ച മുനിസിപ്പാലിറ്റി**

**ഒന്നാം സ്ഥാനം - തിരുവല്ല**
**രണ്ടാം സ്ഥാനം - പാല വൈക്കം**

രാജ്യത്തെ മുഴുവൻ നഗരങ്ങളിലും ശുദ്ധജല വിതരണവും സംരക്ഷണവും കാര്യക്ഷമമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി, 75–ാം സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന അമൃത് മഹോത്സവത്തിന്റെ ഭാഗമായാണ് ജൽ ശക്തി അഭിയാൻ എന്ന ലഘുപദ്ധതി കേന്ദ്ര ഭവന നഗര മന്ത്രാലയം ആവിഷ്ക്കരിച്ചത്. സംസ്ഥാനത്തെ ഭൂരിപക്ഷം നഗരസഭകളും ഇതിന്റെ ഭാഗമായി ജലസംരക്ഷണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തി.

മഴവെള്ള കൊയ്ത്ത്, സംസ്കരിച്ച മലിനജലത്തിന്റെ പുനരുപയോഗം, പ്ലാന്റേഷൻ, കിണറുകൾ/കുളങ്ങൾ റീ ചാർജ്ജ് ചെയ്യുന്നതിന് ശുദ്ധ ജല ചാലുകൾ നിർമ്മിക്കുക, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലസംരക്ഷണത്തിനുതകുന്ന ഹരിതപ്രദേശം സൃഷ്ടിക്കുക, ജൽശക്തി പാർക്കുകൾ നിർമ്മിക്കുക തുടങ്ങി കേന്ദ്രസർക്കാർ പദ്ധതിയ്ക്കായി നിശ്ചയിച്ച 7 മുൻഗണനാ മേഖലകളിലെ പദ്ധതികളാണ് നഗരസഭകൾ നടപ്പിലാക്കിയത്.



മഴവെള്ളക്കൊയ്ത്ത് - കോഴിക്കോട് കോർപ്പറേഷൻ



തോടുകളുടെ നവീകരണം - പയ്യന്നൂർ നഗരസഭ

ജല ശക്തി അഭിയാൻ ലഘുപദ്ധതി നടപ്പിൽ വരുത്തിയതോടെ നഗരമേഖലയിലെ ജല സ്രോതസ്സുകളുടെ വർത്തമാനകാല സാഹചര്യം കൂടി മനസ്സിലാക്കുവാൻ നഗരസഭകൾക്ക് കഴിഞ്ഞു. ജീവന്റെ അമൃതായ ജലം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം സമൂഹത്തിന് കാട്ടികൊടുക്കുവാനും ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.

പദ്ധതികളുടെ തിരഞ്ഞെടുപ്പിൽ മാത്രമല്ല കേന്ദ്ര സർക്കാർ നിശ്ചയിച്ച സമയ പരിധിക്കുള്ളിൽ പദ്ധതികൾ പൂർത്തിയാക്കാനും നമ്മുടെ നഗരസഭകൾക്ക് കഴിഞ്ഞു. പദ്ധതിയുടെ വിജയത്തിനായി പരിശ്രമിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ. പദ്ധതി ആവിഷ്ക്കരിച്ചതിലെ വൈവിധ്യം, പുതിയ ആശയങ്ങൾ, പരിസ്ഥിതി സൗഹാർദ്ദം, അടങ്കൽ തുക, സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കൽ തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ച് നഗരസഭകൾക്ക് ഒന്നും രണ്ടും സ്ഥാനങ്ങൾ നൽകി ആദരിച്ചു.



തെറ്റിയാർ തോട് നവീകരണം - തിരുവനന്തപുരം നഗരസഭ



നഗര സൗന്ദര്യവത്ക്കരണം
സുൽത്താൻ ബത്തേരി നഗരസഭ





കിണർ റീ ചാർജ്ജിംഗ്
കോട്ടയം നഗരസഭ



തോട് നവീകരണം
ആറ്റിങ്ങൽ നഗരസഭ





തോട് നവീകരണവും
മഴവെള്ളക്കൊയ്ത്തും
വടക്കാഞ്ചേരി നഗരസഭ

വടക്കൻ മേഖലയിൽ ഏറ്റവും നന്നായി പദ്ധതികൾ നടപ്പിലാക്കിയ കോർപ്പറേഷനായി തെരഞ്ഞെടുത്തിരിക്കുന്നത് കോഴിക്കോട് കോർപ്പറേഷനെയാണ്. 2.07 കോടി രൂപയുടെ വിവിധ പദ്ധതികളായ മഴവെള്ള കൊയ്ത്ത് സംവിധാനം, കിണർ റീചാർജ്ജ്, പ്ലാന്റേഷൻ തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കിയത്.

വടക്കൻ മേഖലകളിലെ മുനിസിപ്പാലിറ്റികളിൽ പേരുവൻമാട് തോട് നവീകരണം, കിണർ റീചാർജ്ജ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയ ഫറോക്ക് നഗരസഭ ഒന്നാം സ്ഥാനവും മഴക്കുഴി നിർമ്മാണം, മരം വച്ച് പിടിപ്പിക്കൽ തുടങ്ങിയവ നടപ്പിലാക്കിയ ശ്രികണ്ഠപുരം നഗരസഭ രണ്ടാം സ്ഥാനവും നേടി.

മദ്ധ്യമേഖലയിൽ തോടുകളുടെ നവീകരണ പദ്ധതികൾ നടപ്പിലാക്കിയ തൃശൂർ കോർപ്പറേഷനെ ഏറ്റവും നന്നായി പദ്ധതികൾ നടപ്പിലാക്കിയ കോർപ്പറേഷനായി തെരഞ്ഞെടുത്തു. മദ്ധ്യമേഖലയിലെ മുനിസിപ്പാലിറ്റികളിൽ മഴവെള്ള കൊയ്ത്ത് പദ്ധതി നടപ്പിലാക്കിയ വടക്കാഞ്ചേരി നഗരസഭ ഒന്നാം സ്ഥാനവും മിയാവാക്കി വനവത്കരണം, തോടുകളുടെ പുനരുദ്ധാരണം എന്നിവ നടപ്പിലാക്കിയ പാലക്കാട് നഗരസഭ രണ്ടാം സ്ഥാനവും നേടി.





**പച്ചത്തുരുത്ത് നിർമാണം**
**തിരുവല്ല നഗരസഭ**



**തോട് നവീകരണം**
**പന്തളം നഗരസഭ**

തെക്കൻ മേഖലയിൽ കുളങ്ങളുടെ നവീകരണം, വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കൽ തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കിയ തിരുവനന്തപുരം കോർപ്പറേഷനെ ഏറ്റവും നല്ല രീതിയിൽ പദ്ധതികൾ നടപ്പിലാക്കിയ കോർപ്പറേഷനായി തെരഞ്ഞെടുത്തു.

തെക്കൻ മേഖലയിലെ മുനിസിപ്പാലിറ്റികളിൽ തോട് നവീകരണം, വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കൽ തുടങ്ങിയവ നടപ്പിലാക്കിയ തിരുവല്ല നഗരസഭ ഒന്നാം സ്ഥാനം നേടി. കിണർ റീചാർജ്ജ്, മീനച്ചിലാറിന്റെ നവീകരണം എന്നിവ നടപ്പിലാക്കിയ പാല നഗരസഭയും കുളങ്ങളുടെയും ജലാശയങ്ങളുടെയും പുനരുജ്ജീവനം നടപ്പിലാക്കിയ വൈക്കം നഗരസഭയും രണ്ടാം സ്ഥാനം പങ്ക് വെച്ചു.









**തിരുവനന്തപുരം കോർപ്പറേഷൻ ജൽ ശക്തി അഭിയാൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ വിവിധ പദ്ധതികൾ**



**പേരുവൻമാട് തോട്**
**ഫറോക്ക് നഗരസഭ**

# അമൃത് പദ്ധതി സൂചിക (28.02.2022 പ്രകാരം)

## കേരളം

2357.69 കോടി രൂപയുടെ 1001 പദ്ധതികൾ
2390.70 കോടി രൂപയുടെ 1001 പദ്ധതികൾക്ക് ഭരണാനുമതി
2279.85 കോടി രൂപയുടെ 1000 പദ്ധതികൾക്ക് സാങ്കേതികാനുമതി
2265.98 കോടി രൂപയുടെ 999 പദ്ധതികൾ ടെൻ്റർ ചെയ്തു
2013.98 കോടി രൂപയുടെ 985 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
774 പദ്ധതികൾ പൂർത്തീകരിച്ചു. 1283.14 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## തിരുവനന്തപുരം

357.50 കോടി രൂപയുടെ 270 പദ്ധതികൾ
360.12 കോടി രൂപയുടെ 270 പദ്ധതികൾക്ക് ഭരണാനുമതി
331.24 കോടി രൂപയുടെ 270 പദ്ധതികൾക്ക് സാങ്കേതികാനുമതി
331.24 കോടി രൂപയുടെ 270 പദ്ധതികൾ ടെൻ്റർ ചെയ്തു
323.21 കോടി രൂപയുടെ 266 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
237 പദ്ധതികൾ പൂർത്തീകരിച്ചു. 210.81 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കൊല്ലം

253.45 കോടി രൂപയുടെ 59 പദ്ധതികൾ
311.7219 കോടി രൂപയുടെ 59 പദ്ധതികൾക്ക് ഭരണാനുമതി
299.018 കോടി രൂപയുടെ 59 പദ്ധതികൾക്ക് സാങ്കേതികാനുമതി
296.674 കോടി രൂപയുടെ 59 പദ്ധതികൾ ടെൻ്റർ ചെയ്തു
176.303 കോടി രൂപയുടെ 56 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
43 പദ്ധതികൾ പൂർത്തീകരിച്ചു. 77.26 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## ആലപ്പുഴ

222.696കോടി രൂപയുടെ 194 പദ്ധതികൾ
219.653 കോടി രൂപയുടെ 194 പദ്ധതികൾക്ക് ഭരണാനുമതി
218.071 കോടി രൂപയുടെ 194 പദ്ധതികൾക്ക് സാങ്കേതികാനുമതി
217.631 കോടി രൂപയുടെ 193 പദ്ധതികൾ ടെൻ്റർ ചെയ്തു
212.97 കോടി രൂപയുടെ 191 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
147 പദ്ധതികൾ പൂർത്തീകരിച്ചു. 171.09 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കൊച്ചി

328.78 കോടി രൂപയുടെ 98 പദ്ധതികൾ
272.063 കോടി രൂപയുടെ 98 പദ്ധതികൾക്ക് ഭരണാനുമതി
264.4572 കോടി രൂപയുടെ 98 പദ്ധതികൾക്ക് സാങ്കേതികാനുമതി
264.4572 കോടി രൂപയുടെ 98 പദ്ധതികൾ ടെൻ്റർ ചെയ്തു
216.23 കോടി രൂപയുടെ 95 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
78 പദ്ധതികൾ പൂർത്തീകരിച്ചു. 145.32 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## തൃശ്ശൂർ

269.93 കോടി രൂപയുടെ 109 പദ്ധതികൾ
259.62 കോടി രൂപയുടെ 109 പദ്ധതികൾക്ക് ഭരണാനുമതി
238.0469 കോടി രൂപയുടെ 108 പദ്ധതികൾക്ക് സാങ്കേതികാനുമതി
238.05 കോടി രൂപയുടെ 108 പദ്ധതികൾ ടെൻ്റർ ചെയ്തു
191.7469 കോടി രൂപയുടെ 107 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
78 പദ്ധതികൾ പൂർത്തീകരിച്ചു. 133.81 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## ഗുരുവായൂർ

203.10 കോടി രൂപയുടെ 33 പദ്ധതികൾ
213.71 കോടി രൂപയുടെ 33 പദ്ധതികൾക്ക് ഭരണാനുമതി
213.71 കോടി രൂപയുടെ 33 പദ്ധതികൾക്ക് സാങ്കേതികാനുമതി
213.71 കോടി രൂപയുടെ 33 പദ്ധതികൾ ടെൻ്റർ ചെയ്തു
213.71 കോടി രൂപയുടെ 33 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
12 പദ്ധതികൾ പൂർത്തീകരിച്ചു. 138.69 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## പാലക്കാട്

221.75 കോടി രൂപയുടെ 150 പദ്ധതികൾ
220.022 കോടി രൂപയുടെ 150 പദ്ധതികൾക്ക് ഭരണാനുമതി
202.11 കോടി രൂപയുടെ 150 പദ്ധതികൾക്ക് സാങ്കേതികാനുമതി
198.47 കോടി രൂപയുടെ 150 പദ്ധതികൾ ടെൻ്റർ ചെയ്തു
174.6627 കോടി രൂപയുടെ 149 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
109 പദ്ധതികൾ പൂർത്തീകരിച്ചു. 141.75 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കോഴിക്കോട്

274.7642 കോടി രൂപയുടെ 50 പദ്ധതികൾ
308.14 കോടി രൂപയുടെ 50 പദ്ധതികൾക്ക് ഭരണാനുമതി
307.459 കോടി രൂപയുടെ 50 പദ്ധതികൾക്ക് സാങ്കേതികാനുമതി
302.229 കോടി രൂപയുടെ 50 പദ്ധതികൾ ടെൻ്റർ ചെയ്തു
302.229കോടി രൂപയുടെ 50 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
46 പദ്ധതികൾ പൂർത്തീകരിച്ചു. 118.95 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കണ്ണൂർ

225.72 കോടി രൂപയുടെ 38 പദ്ധതികൾ
225.65 കോടി രൂപയുടെ 38 പദ്ധതികൾക്ക് ഭരണാനുമതി
205.735 കോടി രൂപയുടെ 38 പദ്ധതികൾക്ക് സാങ്കേതികാനുമതി
205.515 കോടി രൂപയുടെ 38 പദ്ധതികൾ ടെൻ്റർ ചെയ്തു
202.915 കോടി രൂപയുടെ 38 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
24 പദ്ധതികൾ പൂർത്തീകരിച്ചു. 145.46 കോടി രൂപ നാളിതുവരെ ചെലവഴിച്ചു



# അമൂല്യമാണ് ജലം
# ജലത്തിന്റെ പുന:രുപയോഗം പ്രോത്സാഹിപ്പിക്കുക

Printed and Published by State Mission Management Unit, AMRUT, Local Self Government Department, Government of Kerala, 4th Floor, Meenakshi Plaza, Artech Building, Opp. Govt. Hospital for Women & Children, Thycaud Thiruvananthapuram - 695014